പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5332 23/05/2017 ൽ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ശശി** | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മലിനമായി കിടക്കുന്നതും ഉപയോഗശൂന്യമായിരിക്കുന്നതുമായ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനും സ്ഥിരമായി വൃത്തിയോടെ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; | **എ)** ഉണ്ട്. |
| **ബി)** ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | **ബി)** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന മലിനമായി കിടക്കുന്നതും ഉപയോഗശൂന്യമായിരിക്കുന്നതുമായ ജലാശയങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയിൽ ജലവിഭവ സംരക്ഷണം ഒരു പ്രധാന ഘടകമാണ്. ഹരിതകേരളം പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കുളങ്ങൾ, തോടുകൾ കനാലുകൾ എന്നിവ ചെളിമാറ്റി ആഴം കൂട്ടി ശുചീകരിക്കുകയുണ്ടായി. ഇതിനായി പ്രാദേശിക സന്നദ്ധ സംഘടനകളുടേയും ക്ലബ്ബുകളുടേയും സേവനം വിനിയോഗിക്കുകയുണ്ടായി. 2016-17 സാമ്പത്തിക-വർഷം പരമ്പരാഗത പൊതു ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ നവീകരണത്തിനായി 24,247 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ, നിലവിൽ പരമ്പരാഗത പൊതുജലസ്രോതസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി 5998 പ്രവൃത്തികൾ നടന്നുവരുന്നു. 2016-17 സാമ്പത്തികവർഷം 14924 മൈക്രോ ഇറിഗേഷൻ പ്രവർത്തികൾ പൂർത്തീകരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ, നിലവിൽ പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ